## ‹ അനുസ്മരണം ›

# സി.വി ഉമ്മർകുഞ്ഞി ഹാജി

**പ്രസ്ഥാന** പ്രവർത്തനത്തിനും സാമൂഹിക സേവനത്തിനും ജീവിതം സമർപ്പിച്ച വ്യക്തിയായിരുന്നു ചാലാട് ഹൽഖയിലെ കാർക്കൂനായിരുന്ന സി.വി ഉമ്മർകുഞ്ഞി ഹാജി (57). ക്ഷമയുടെയും സഹനത്തിന്റെയും മികച്ച മാതൃകയായിരുന്നു അദ്ദേഹം. രോഗശയ്യയിൽ കിടക്കുമ്പോഴും സഹപ്രവർത്തകർക്ക് ഉപദേശങ്ങളും നിർദേശങ്ങളും നൽകി. നിഷ്കളങ്കവും നിസ്വാർഥവുമായ ഇടപാടുകളിലൂടെ ജനഹൃദയങ്ങളിൽ സ്ഥാനം ഉറപ്പിച്ചു. ഏത് തലത്തിൽപെട്ട ആളുകളുമായും പെട്ടെന്ന് ഇണങ്ങിച്ചേർന്ന്, അവരിൽ ഒരാളായി പെരുമാറാനും കഴിഞ്ഞു. ഹൽഖയുടെ പ്രഥമ സെക്രട്ടറിയായ അദ്ദേഹം മരിക്കുമ്പോൾ ഹിറാ ചാരിറ്റബിൾ ട്രസ്റ്റിന്റെ സെക്രട്ടറിയായിരുന്നു. സാമ്പത്തിക പ്രയാസം പ്രസ്ഥാനത്തിന്റെ പല സംരംഭങ്ങൾക്കും വിലങ്ങ്തടിയായപ്പോൾ പ്രവർത്തകർക്ക് ഊർജവും ആവേശവും നൽകി മുന്നിട്ടിറങ്ങി. ട്രസ്റ്റിന്റെ കീഴിലുള്ള ഹിറാ മസ്ജിദ്, ഹുദാ മസ്ജിദ്, ദഅ്‌വാ മസ്ജിദ്, ഹിറാ കോംപ്ലക്സ്, ഹിറാ ഇംഗ്ലീഷ് സ്കൂൾ, അൽ-മദ്റസത്തുൽ ഇസ്‌ലാമിയ്യ എന്നിവയുടെ നിർമാണത്തിലും നടത്തിപ്പിലും നേതൃത്വപരമായ പങ്കുവഹിച്ചു. ചാലാട് വെൽഫെയർ സൊസൈറ്റി, ചാലാട് സകാത്ത് കമ്മിറ്റി തുടങ്ങിയവയിൽ സജീവ സാന്നിധ്യമായി. ചാലാട് മഹൽ മുസ്‌ലിം ജമാഅത്ത് പ്രസിഡന്റായിരുന്നു. കുടുംബത്തെ പ്രസ്ഥാനവൽക്കരിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. പരേതനായ എൽ.വി മഹമൂദ് ഹാജിയാണ് പിതാവ്. മാതാവ് സി.വി ബീവി. ഭാര്യ എ. സീനത്ത്, മക്കൾ: ലുബ്ന റംസീന, മുഹമ്മദ് റമീസ്, റബീഹ് (പ്രസിഡന്റ്, എസ്.ഐ.ഒ ചാലാട് യൂനിറ്റ്) ഫൈറൂസ, നജ നസ്റീൻ.



**കെ.പി റഫീഖ്, ചാലാട്**

# കുഞ്ഞാദിയ

**കോട്ടക്കൽ** ഏരിയയിലെ ചേങ്ങോട്ടൂർ ഹൽഖയിലെ പ്രവർത്തകയായിരുന്നു കുഞ്ഞാദിയ(62). രണ്ട് വർഷം വനിതാ ഹൽഖയുടെ നാസിമത്തായി അവർ സേവനമനുഷ്ഠിച്ചിരുന്നു. ചേങ്ങോട്ടൂർ ഹൽഖാ അമീർ ആലിക്കുട്ടി ഹാജിയാണ് ഭർത്താവ്.



പ്രസ്ഥാന പ്രവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ നാട്ടിൽ അതിന് നേതൃത്വം നൽകിയ പ്രിയതമന് നേരെ നാട്ടുകാരിൽ നിന്നും കുടുംബത്തിൽ നിന്നും ബഹിഷ്കരണവും എതിർപ്പുകളും ഉയർന്നപ്പോൾ അവർ ധൈര്യം പകർന്ന് കൂടെ നിന്നു. സ്ത്രീകൾക്കിടയിലുള്ള പ്രവർത്തനത്തിന് തന്നാലാവുന്നവിധം സഹകരിക്കുകയും ചെയ്തു. ഭർത്താവിന്റെ പ്രവാസകാലത്ത് മക്കൾക്ക് ഇസ്‌ലാമിക വിദ്യാഭ്യാസം നൽകാൻ അവർ മുൻകൈയെടുത്തു. ശാന്തപുരം ഇസ്‌ലാമിയാ കോളേജ്, വണ്ടൂർ വനിതാ ഇസ്‌ലാമിയാ കോളേജ്, പറപ്പൂർ ഇസ്‌ലാമിയാ കോളേജ് എന്നിവിടങ്ങളിൽ മക്കളെ ചേർത്തു പഠിപ്പിച്ചതും കുഞ്ഞാദിയയായിരുന്നു.

മക്കൾ വിദ്യാഭ്യാസം പൂർത്തിയാക്കി ഇസ്‌ലാമിക സേവന രംഗത്ത് സജീവമായതായിരുന്നു അവരെ ഏറെ സന്തോഷിപ്പിച്ച കാര്യം. അങ്ങനെ ഉപ്പയും മുഴുവൻ മക്കളുമടങ്ങുന്ന പ്രസ്ഥാന കുടുംബത്തിന് ആ ഉമ്മ തണലായി നിന്നു. ഇസ്‌ലാമിക സംരംഭങ്ങൾക്കെല്ലാം ഉദാരമായി സംഭാവനകൾ നൽകിയിരുന്നു അവർ. അയൽക്കാരുടെ പ്രയാസങ്ങൾ അന്വേഷിച്ചറിഞ്ഞ് പരിഹാരത്തിനായി ശ്രമിക്കുകയും ചെയ്തു. സൗമ്യമായ പെരുമാറ്റം വഴി വലിയൊരു സുഹൃദ് വലയം അവർക്കുണ്ടായിരുന്നു.

മക്കളുടെ സുഹൃത്തുക്കൾക്കെല്ലാം അവർ വീട്ടിൽ ഹൃദ്യമായി വിരുന്നൊരുക്കുകയും അവരുടെ കുടുംബ വിശേഷങ്ങളും നാട്ടിലെ പ്രസ്ഥാന വിശേഷങ്ങളുമെല്ലാം ചോദിച്ചറിയുകയും ചെയ്തിരുന്നു. മക്കൾ: സ്വലാഹുദ്ദീൻ ചൂനൂർ, ഷമീം ചൂനൂർ. ജഅ്ഫർ സ്വാദിഖ്, ആബിദ, സാബിറ, ശഹീദ.

**അബൂ മുർസി**

# പി.എം അബ്ദുമാസ്റ്റർ

**കൊടുങ്ങല്ലൂരിലെ** കാര-കാതിയാളം പ്രദേശത്ത് പ്രസ്ഥാന വളർച്ചയുടെ മുഖ്യശിൽപിയായിരുന്നു പി.എം അബ്ദുമാസ്റ്റർ. കൊടുങ്ങല്ലൂരിലുണ്ടായ വാഹനാപകടത്തെ തുടർന്നായിരുന്നു അന്ത്യം. കാര-കാതിയാളം ഹൽഖാ നാസിം, കാര-കാതിയാളം മഹല്ല് സെക്രട്ടറി, മൂവ്മെന്റ് ഓഫ് ഇസ്‌ലാം ട്രസ്റ്റ് അംഗം, ക്രാങ്കനൂർ എജുക്കേഷനൽ ട്രസ്റ്റ് അംഗം, കാതിയാളം എജുക്കേഷനൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറി എന്നീ നിലകളിൽ ഇസ്‌ലാമിക സേവനരംഗത്തും സാമൂഹിക രംഗത്തും അദ്ദേഹം കർമനിരതനായി. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ജനകീയ മുഖമായിരുന്നു ജമാഅത്ത് അംഗം കൂടിയായിരുന്ന അദ്ദേഹം.



കാര-കാതിയാളം മഹല്ലിനും പ്രദേശത്തിനും സമർപ്പിക്കപ്പെട്ട ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ശാന്തിപുരം എം.എ.ആർ.എം സ്കൂളിൽ അധ്യാപന സേവനം നടത്തുമ്പോഴും അതിനുശേഷവും കാര-കാതിയാളം പ്രദേശമായിരുന്നു അദ്ദേഹത്തിന്റെ കർമമണ്ഡലം. മഹല്ല് പള്ളിയുടെ നിർമാണ പ്രവൃത്തികൾക്ക് അദ്ദേഹം നേതൃത്വം കൊടുത്തു. കൂടാതെ മഹല്ലിന്റെ വിവിധ സ്ഥലങ്ങളിലെ മൂന്നു പള്ളികളുടെ നിർമാണ ചുമതലകൾ നിർവഹിച്ചതും അദ്ദേഹമായിരുന്നു. ഈ ആവശ്യങ്ങൾക്കായി ഗൾഫ് നാടുകൾ അദ്ദേഹം സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പിതാവായിരുന്ന മർഹൂം മൊയ്തു മുല്ലയുടെ അഭിലാഷമായിരുന്നു പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് കേന്ദ്രമായി കാതിയാളത്ത് ഒരു ഓഫീസ്. അബ്ദുമാസ്റ്റർ സ്വന്തം ഭൂമി തന്നെ 'തനിമ സാംസ്കാരിക കേന്ദ്രം' എന്ന പേരിൽ കെട്ടിടം പണിയാൻ പ്രസ്ഥാനത്തിനു നൽകി ആ സ്വപ്നം സാക്ഷാൽകരിച്ചു. കൂടാതെ ലൈബ്രറി, ജനശിക്ഷൻ കേന്ദ്രം, പലിശ രഹിതനിധി തുടങ്ങിയ സംരംഭങ്ങളുടെ സൂത്രധാരനും മുഖ്യ നടത്തിപ്പുകാരനുമായി അദ്ദേഹം വിശ്രമമില്ലാതെ അധ്വാനിച്ചു.

മസ്കത്തിൽ പ്രവാസ ജീവിതം നയിക്കവെ അവിടെ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും വ്യാപനത്തിലും അദ്ദേഹം പങ്കാളിയായി. കുടുംബത്തെ ഇസ്‌ലാമികവൽക്കരിക്കുന്നതിലും അദ്ദേഹം വിജയിച്ചു. ഫാത്വിമയാണ് ഭാര്യ. അശ്റഫ്, ശക്കീർ, സുമയ്യ, ഉമർ നസീഫ് മക്കളുമാണ്.

**സി.കെ ഷാജഹാൻ, കാതിയാളം**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*